പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2648 — 17/10/2016-ൽ മറുപടിയ്ക്ക്

## സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

| | ചോദ്യം<br>**ശ്രീ. വി. ഡി. സതീശൻ** | | ഉത്തരം<br>**ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാരുടെ പത്താം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണ്; | (എ) & (ബി) | ഇല്ല. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഒരു വിഭാഗം ജീവനക്കാർക്ക് ഓണം അലവൻസോ ബോണസോ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | 06/12/1987-ലെ സ.ഉ. (കൈ) നം.30/87/ശാ.സ.വ. പ്രകാരം CSIR ശമ്പള സ്കെയിൽ / അലവൻസുകൾ ബാധകമായിട്ടുള്ള സയന്റിഫിക്/ തത്തുല്യ വിഭാഗം ജീവനക്കാർക്ക് അതിൽ പ്രതിപാദിക്കാത്ത ആനുകൂല്യങ്ങൾക്ക് അർഹതയില്ല. ആയതിനാൽ 2016-ലെ ഓണം അലവൻസ് പ്രസ്തുത ജീവനക്കാർക്ക് നൽകിയിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ ജീവനക്കാർക്കും നൽകുന്ന ഓണം അലവൻസും ബോണസും സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

അണ്ടർ സെക്രട്ടറി